**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 292** **08-08-2023 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തലസ്ഥാന നഗരത്തിൽ 2024 ജനുവരി മുതൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട് വാർഡുകളിലെ 93% വീടുകളിലേക്ക് സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചാക്ക, മുട്ടത്തറ, പാൽകുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ട് 2024 ഡിസംബർ മാസത്തോടെ തിരുവനന്തപുരം കോർപ്പറേഷനിലെ 31 വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |
| (ബി) | സിറ്റി ഗ്യാസ് പദ്ധതിയ്ക്കായി കൊച്ചുവേളിയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിന്റെ ശേഷി എത്രയാണെന്നും ഇവിടെ നിന്നും എത്ര മാത്രം ഗ്യാസ് കണക്ഷനുകൾ നൽകാൻ സാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **കൊച്ചുവേളിയിൽ 56.8 KL സ്റ്റോറേജ് കപ്പാസിറ്റിയുള്ള നാല് ലിക്വിഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷൻ (LCNG) സ്ഥാപിച്ചിട്ടുണ്ട് . അതിൽ നിന്നും 1,20,000 ഗാർഹിക കണക്ഷനുകൾക്കും, 10 വൻകിട വ്യവസായങ്ങൾക്കും, 150 ചെറുകിട (MSME) വ്യവസായങ്ങൾക്കും, 1,000 വാണിജ്യ സ്ഥാപനങ്ങൾക്കും, 9,500 വാഹനങ്ങൾക്കും ആവശ്യമായ ഗ്യാസ് നൽകാൻ സാധിക്കും** |
| (സി) | നിലവിൽ എത്ര സിറ്റി ഗ്യാസ് കണക്ഷൻ നൽകി കഴിഞ്ഞിട്ടുണ്ട്; തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (സി) | നിലവിൽ **20,065 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട് ആയതിൽ 8,100 എണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾക്ക് വേണ്ടി 41,835 രജിസ്ട്രേഷനുകൾ പൂർത്തിയായിട്ടുണ്ട് .** |
| (ഡി) | അപേക്ഷകൾ ലഭിക്കുന്നതിനനുസരിച്ച് സിറ്റി ഗ്യാസ് കണക്ഷൻ നൽകുന്നതിന് സാധിക്കുന്നുണ്ടോ; സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് അറിയിക്കാമോ? | (ഡി) | **ഉണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ പദ്ധതി പ്രകാരം പുരോഗതി കൈവരിച്ച് വരുന്നു.**<br><br>**സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കമ്പനികൾക്ക് , പൈപ്പ് ലൈനുകൾ** |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള അനുമതി, സി.എൻ.ജി സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണ അനുമതി തുടങ്ങി ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിന് എല്ലാ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കുന്നതിനായി (Road cutting) തദ്ദേശ സ്വയം ഭരണ വകുപ്പ്, പൊതു മരാമത്ത് വകുപ്പ് എന്നിവരിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനായി നോഡൽ ഓാഫീസറെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ